(ഡി) യഥാർത്ഥ കൈത്തറി വസ്ത്രങ്ങൾ തിരിച്ചറിയുന്നതിന് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഹാൻഡ്ലൂം മാർക്കിന്റെ മാതൃകയിൽ ഒരു തിരിച്ചറിയൽ അടയാളം കൈത്തറി വസ്ത്രങ്ങൾക്ക് നിർബന്ധമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കൈത്തറി മേഖലയിലെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് അരക്കൻ ബാലൻ ചെയർമാനായ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉണ്ട്.

(സി) യഥാർത്ഥ കൈത്തറി വസ്ത്രങ്ങൾ തിരിച്ചറിയുന്നതിനായി കേന്ദ്ര സർക്കാർ ഹാന്റ്ലൂം മാർക്ക് നിർബന്ധമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്തുള്ള കൈത്തറി ഉത്പാദകർ അവരുടെ ഉൽപ്പന്നങ്ങളിൽ കൈത്തറി മാർക്ക് ടാഗ് ചെയ്യുകയുമായി ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യാജ കൈത്തറി വിൽപ്പന തടയുന്നതിന് ഹാന്റ്ലൂം മാർക്ക് സംബന്ധിച്ച് ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലൂടെ ഉപഭോക്താക്കൾക്കായി വൻതോതിൽ പ്രചരണം നടത്തുന്നുണ്ട്. കൂടാതെ സ്കൂൾ തലത്തിലുള്ള വിദ്യാർത്ഥികൾക്ക് ഇതുസംബന്ധിച്ച് അവബോധം നൽകുന്നതിനായി പെയിന്റിംഗ് മത്സരം നടത്തിവരുന്നു. ഓണം ദിനത്തോടനുബന്ധിച്ച് കോളേജുതലത്തിൽ സെമിനാറുകളും എക്സിബിഷനുകളും സംഘടിപ്പിച്ച് ഹാന്റ്ലൂം മാർക്ക് സംബന്ധിച്ച് പ്രചരണം നടത്തിവരുന്നു. കൂടാതെ 1985-ലെ ഹാന്റ്ലൂം റിസർവേഷൻ ആക്ട് പ്രകാരം കൈത്തറിയിൽ മാത്രം ഉല്പാദിപ്പിക്കുന്ന 11 ഇനങ്ങൾ സംസ്ഥാനത്തെ പവർലൂം യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്നത് തടയുന്നതിനായി എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധന നടത്തി ഹാന്റ്ലൂം റിസർവേഷൻ ആക്ടിൽ ഉൾപ്പെട്ടിട്ടുള്ള 11 ഇനങ്ങൾ നമ്മുടെ സംസ്കരണ പവർലൂം യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

(ഡി) നിലവിൽ കൈത്തറി സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് കൈത്തറി മാർക്ക് നിർബന്ധമാക്കിയിട്ടുണ്ട്.

കോതമംഗലം കേന്ദ്രമാക്കി ഐ.ടി. പാർക്ക്

233 (3387) ശ്രീ. റ്റി. യു. കരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിന്റെ കവാടം എന്നറിയപ്പെടുന്ന കോതമംഗലം കേന്ദ്രമാക്കി ഒരു ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവിടെ ടെക്നോപാർക്ക് മാതൃകയിൽ ഇൻഫർമേഷൻ ടെക്നോളജിയുടെ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഉൾപ്പെടെയുള്ള പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

ഐ.ടി. മേഖലയിലെ പുതിയ സ്ഥാപനങ്ങൾ

234 (T* 3388) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.ടി മേഖലയിൽ എത്ര സ്ഥാപനങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ടെന്നും, അവ ഏതൊക്കെയെന്നും എത്ര പേർക്ക് ഇതുവഴി തൊഴിൽ ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

തിരുവനന്തപുരം ടെക്നോപാർക്കിന് കീഴിൽ 126 പുതിയ കമ്പനികൾ പ്രവർത്തനം ആരംഭിച്ചു. ഈ കമ്പനികളിൽ ഏകദേശം 17106 പേർക്ക് പ്രത്യക്ഷമായും ഇതിന്റെ നാല് മടങ്ങ് പേർക്ക് പരോക്ഷമായും തൊഴിൽ ലഭിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് കീഴിൽ എറണാകുളം, കൊല്ലം, കണ്ണൂർ എന്നീ ജില്ലകളിൽ നാല് ടെക്നോലോഡ്ജുകൾ പ്രവർത്തനം ആരംഭിച്ചു. കെ.എസ്.ഐ.റ്റി.ഐ.എൽ. ഇംപ്ലിമെന്റിംഗ് ഏജൻസിയായി ICT അക്കാദമി നിലവിൽ വന്നു. ഈ സ്ഥാപനങ്ങളിലായി 234 പേർക്ക് ജോലി ലഭിച്ചു. കൊച്ചി ഇൻഫോപാർക്കിന്റെ ക്യാംപസുകളിലും കാക്കനാട് രാജ്യാന്തര സ്റ്റേഡിയത്തിൽ പ്രവർത്തിക്കുന്ന ടെക്നോളജി ബിസിനസ്സ് സെന്ററിലുമായി 98-ഓളം കമ്പനികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിൽ 5200 -ഓളം പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. കോഴിക്കോട് സൈബർ പാർക്കിന് കീഴിൽ നാല് ഐ.ടി. കമ്പനികൾ പ്രവർത്തനം ആരംഭിച്ചു. നാല് കമ്പനികളിലുമായി 80 -ഓളം പേർക്ക് ജോലി ലഭിച്ചു. സ്റ്റാർട്ടപ്പ് മിഷനുമായി ബന്ധപ്പെട്ട് 40 സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അവയിലൂടെ 226 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്.

എല്ലാ വീടുകളിലും ഇന്റർനെറ്റ് കണക്ഷൻ

235 (3389) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വീടുകളിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

* T തുടർന്നുവരുന്ന ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly